ചന്ദനം കടത്ത് തടയാൻ നടപടി

7 (*128) ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനവനം, ചന്ദന പ്ലാന്റേഷൻ എന്നിവയുടെ സംരക്ഷണവും പരിപോഷണവും സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിലയിരുത്തലിന്റെ വിശദാംശം എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ചന്ദന വനങ്ങളും ചന്ദന പ്ലാന്റേഷനുകളും എവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തു നിന്നും ചന്ദനത്തടി കടത്തിക്കൊണ്ടുപോകൽ, അനധികൃതമായി ചന്ദനത്തൈലം നിർമ്മാണം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നതായി അറിവുണ്ടോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫോറസ്റ്റ് ഫ്ളയിംഗ് സ്കാഡ് ഉദ്യോഗസ്ഥർ ഇവ സംബന്ധമായ കേസുകൾ പിടിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ചന്ദനത്തടി കടത്തിക്കൊണ്ടു പോകുന്നത് ഫലപ്രദമായി തടയുന്നതിന് ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് ചന്ദനത്തടി, ചന്ദനത്തൈലം എന്നിവ കൈവശം വയ്ക്കുന്നതിന് എന്തെങ്കിലും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്ത് ചന്ദനത്തടി, ചന്ദനത്തൈലം എന്നിവ സർക്കാർ അധീനതയിൽ മാത്രം സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മതിയായ രീതിയിൽ നിയമ നിർമ്മാണം ആവശ്യമെന്നു കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ഐ) ചന്ദനത്തടി കടത്തുന്നതും അനധികൃതമായി ചന്ദനത്തൈലം നിർമ്മിക്കുന്നതിനും ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു)

(എ) പഠനം നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഠനം പുരോഗതിയിലാണ്. പഠനം പൂർത്തിയായതിനുശേഷം മാത്രമേ വിലയിരുത്തലിന്റെ ഫലങ്ങൾ ലഭ്യമാവുകയുള്ളു.

(സി) മൂന്നാർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽപ്പെട്ട കറയൂർ, നാച്ചിവയൽ, വണ്ണാൻതറ എന്നീ റിസർവുകളിലായി 1541 ഹെക്ടറും കണ്ണൂർ ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിൽ ഉൾപ്പെട്ട മൂളിയാർ, കരടുക, ബന്ദഗേ എന്നീ റിസർവുകളിലായി 2354 ഹെക്ടറും ഉൾപ്പെടെ മൊത്തം 3895 ഹെക്ടർ സ്വാഭാവിക ചന്ദനവനവും മണ്ണാർക്കാട് ഡിവിഷനിൽ 32 ഹെക്ടറും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിൽ 140 ഹെക്ടറും വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 11.1 ഹെക്ടറും ഉൾപ്പെടെ മൊത്തം 183.1 ഹെക്ടർ സ്ഥലത്ത് ചന്ദന പ്ലാന്റേഷനും നിലവിൽ ഉണ്ട്. കൂടാതെ തേക്കടി, ആര്യങ്കാവ് റെയിഞ്ചുകളിൽ സ്വാഭാവിക വനങ്ങളിൽ ചന്ദനമരങ്ങൾ വളരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വനംവകുപ്പ് ഫ്ളയിംഗ് സ്ക്വാഡുകളുടെയും മറ്റു സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പട്രോളിംഗ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ജി) നിലവിലുള്ള വനനിയമത്തിൽ വനോൽപ്പന്നങ്ങളുടെ നിർവചനത്തിൽ തടി, തടിയിൽ നിന്ന് ലഭിക്കുന്ന തൈലം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വനോൽപ്പന്നങ്ങളുടെ കൈവശംവയ്ക്കലും കടത്തിക്കൊണ്ടുപോകലും സംബന്ധിച്ച പൊതുചട്ടങ്ങൾ മാത്രമേ ഇപ്പോൾ ചന്ദനതടിക്കും, ചന്ദനതൈലത്തിനും ബാധകമായിട്ടുള്ളു. ഇവയ്ക്കായി പ്രത്യേക നിബന്ധനകൾ ഇപ്പോൾ ഇല്ല.

(എച്ച്) ഉണ്ട്. ഇതിനായി കേരള വനനിയമം ഭേദഗതിചെയ്യാൻ വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(ഐ) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ഫിഷറീസ് കോംപ്ലക്സുകളുടെ നിർമ്മാണം

8 (*129) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഫിഷറീസ് കോംപ്ലക്സുകൾ നിർമ്മിക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[27-2-01-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7(*128)-ന്റെ ഉത്തരം കാണുക]

തിരുവനന്തപുരം ഫ്ളയിംഗ് സ്കാഡ് ഡിവിഷൻ

1. 9-2-2000-ൽ തിരുവനന്തപുരം ജില്ലയിൽ കല്ലാർ ഭാഗത്തു നിന്നും റോഡിൽ ഉപേക്ഷിച്ച നിലയിൽ 1500 രൂപ വില വരുന്ന 15 കിലോഗ്രാം ചന്ദനം പിടിച്ചെടുത്തു.

2. 15-9-2000-ൽ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ മുട്ടത്തറ ബലവാൻ നഗറിൽ വീട്ടുപരിസരത്തു നിന്ന് 58,520 രൂപ വില വരുന്ന 146,300 കി.ഗ്രാം ചന്ദനം പിടിച്ചെടുത്തു.

ഇടുക്കി ഫ്ളയിംഗ് സ്കാഡ് ഡിവിഷൻ

25-1-2000-ന് പെരിയാർ ടൈഗർ റിസർവ് പുല്ലുകണ്ടം ഭാഗത്ത് 15 ചെറിയ ചന്ദന മരങ്ങൾ മുറിച്ചതിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമൂലം സർക്കാരിലേക്ക് 6000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

കണ്ണൂർ ഫ്ളയിംഗ് സ്കാഡ് ഡിവിഷൻ

1-7-1998 മുതൽ 3 കേസുകളിലായി 89,000 രൂപ വിലയ്ക്കുള്ള 758 കി. ഗ്രാം ചന്ദനവും 25,000 രൂപ വിലയ്ക്കുള്ള 2.50 കി. ഗ്രാം ശുദ്ധീകരിക്കാത്തതും സാന്ദ്രത കുറഞ്ഞതുമായ ചന്ദന തൈലവും പിടികൂടിയിട്ടുണ്ട്.

കോഴിക്കോട് ഫ്ളയിംഗ് സ്കാഡ് ഡിവിഷൻ

രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16-6-1998 കോട്ടത്തറ വില്ലേജിൽ കെ. പി. 7/223 നമ്പർ വീട്ടു പരിസരത്തുനിന്നും 4000 രൂപ വിലയുള്ള ഒരു കി.ഗ്രാം ചന്ദനതൈലവും, 4300 രൂപ വിലയുള്ള വെള്ളയും ഈർപ്പവും ഉള്ള ചന്ദനം ഉദ്ദേശം 2 കി.ഗ്രാം ചന്ദനവും പിടിച്ചെടുത്തു. 12-1-1999-ന് മുത്തങ്ങ റേഞ്ചിൽ നൂൽപ്പുഴ വില്ലേജിൽ കല്ലൂർ എവർഗ്രീൻ ഫ്രാഗറൻസ് ചന്ദന ഫാക്ടറിയിൽ നിന്നും അനധികൃതമായി സൂക്ഷിച്ച 1,40,525 രൂപ വിലയുള്ള 511 കി. ഗ്രാം ചന്ദനപ്പൊടിയും പിടിച്ചെടുത്തു.

പാലക്കാട് ഫ്ളയിംഗ് സ്കാഡ് ഡിവിഷൻ

9 കേസുകളിലായി 6,42,600 രൂപ വിലയ്ക്കുള്ള 3223.45 കി. ഗ്രാം ചന്ദനവും 2,05,370 രൂപ വിലയ്ക്കുള്ള 27.01 കി.ഗ്രാം ചന്ദന തൈലവും പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 3 ലക്ഷം രൂപ വിലയുള്ള ഒരു മിനിലോറി ചിപ്പർ രണ്ടെണ്ണം (വില 60000 രൂപ) ഡിബ്ളന്റിയേറ്റർ 1 എണ്ണം (33,000 രൂപ) എന്നിവയും പിടിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ഫ്ളയിംഗ് സ്കാഡ് ഡിവിഷൻ

26-4-1997-ന് കാലടി ജംഗ്ഷനിൽ അങ്ങാടി മരുന്നു കച്ചവടം നടത്തുന്ന ഷോപ്പിൽ നിന്നും അനധികൃതമായി സൂക്ഷിച്ച 10000 രൂപ വില കണക്കാക്കുന്ന 59 കി.ഗ്രാം ചന്ദമുട്ടിയും 2 ചാക്ക് ചന്ദന ചീളും കസ്റ്റഡിയിലെടുത്തു. 3-11-2000 -ന് പരിയാരം കുറ്റിച്ചിറ വില്ലേജിൽ ശാസ്താംകുടം കുഞ്ഞിക്കുട്ടൻ എന്നയാളുടെ പുരയിടത്തിൽ നിന്ന് 5 കി.ഗ്രാം ചന്ദനമുട്ടി കസ്റ്റഡിയിലെടുത്തു.

ഫ്ളയിംഗ് സ്കാഡ് ഉദ്യോഗസ്ഥന്മാർ കണ്ടുപിടിക്കുന്ന കേസുകൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ടെറിട്ടോറിയൽ റേഞ്ചുകളിൽ ഏൽപ്പിക്കുകയാണ് പതിവ്.

അനുബന്ധം II

[27-2-2001-ലെ 23 (*144) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

കേരള സർക്കാർ

റവന്യൂ (കെ) വകുപ്പ്,
തിരുവനന്തപുരം,

നമ്പർ : 1691/കെ3/2001/ആർ. ഡി തീയതി : 15-01-2001

സർക്കുലർ

വിഷയം :- 2001-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഈ വർഷം സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും ഉണ്ടാവുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെകാണുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള വരൾച്ച ബാധിത പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും ആ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതിനുമായ പഞ്ചായത്ത്/ ബ്ലോക്ക്/ജില്ലാതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ, ജില്ലയിലെ എം. എൽ. എ. മാർ, എം. പി. മാർ, മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ മേയർ എന്നീ ജനപ്രതിനിധികളേയും ജില്ലയിലെ വാട്ടർ അതോറിറ്റി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, പി. ഡബ്ല്യു. ഡി., ഇലക്ട്രിസിറ്റി ബോർഡ് എന്നിവകളുടെ ജില്ലാതല ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ ജില്ലാതല വരൾച്ചാ ദുരിതാശ്വാസ കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly